പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *73 10.02.2016 - ൽ മറുപടിയ്ക്ക്

## കാരുണ്യ ഫാർമസികൾ

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ:<br>ശ്രീ.കെ.രാധാകൃഷ്ണൻ:<br>ശ്രീമതി.കെ.ലതിക:<br>ശ്രീമതി.കെ.എസ് .സലീഖ: | മറുപടി<br>ശ്രീ. വി . എസ് . ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) പൊതുമാർക്കറ്റിൽ മരുന്നുവില വളരെ ഉയരാൻ കാരണം, സർക്കാർ ആശുപത്രികളിൽ ആവശ്യത്തിനു മരുന്നില്ലാത്തതും കാരുണ്യ ഫാർമസികൾ ആവശ്യാനുസരണം സ്ഥാപിച്ച് വില നിയന്ത്രണം സാദ്ധ്യമാക്കാത്തതുമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ)പൊതുവിപണിയിൽ മരുന്ന് വില ഉയരുന്നതുമായി ബന്ധപ്പെട്ട് സാധാരണക്കാർക്ക് ചികിത്സാ ചെലവ് വർദ്ധിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് 85 തരം മരുന്നുകൾ മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമികാരോഗ്യ കേന്ദ്രം വരെയുള്ള പൊതുജനാരോഗ്യ ശൃംഖല വഴി ആവശ്യാനുസരണം വാങ്ങി വിതരണം ചെയ്തുവരുന്നു. നടപ്പ സാമ്പത്തിക വർഷത്തിൽ സൗജന്യ മരുന്നു വിതരണം ഏകോപിപ്പിക്കുന്നതിനായി 300 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അനുവദിക്കുകയും 02.02.2016 വരെ 270 കോടി രൂപയുടെ മരുന്നുകൾ ആവശ്യാനുസരണം ആരോഗ്യസ്ഥാപനങ്ങൾക്ക് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട് . ആരോഗ്യവകുപ്പ് ഡയറക്ടറും ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ക്രോഡീകരിച്ച് നൽകിയിട്ടുള്ള ഇൻഡന്റ് പ്രകാരം തുടർച്ചയായി മരുന്നു വിതരണം ഏകോപിപ്പിക്കുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട് .<br>ആളോഹരി ചികിത്സാ ചെലവ് വളരെയധികം ഉയരുന്നതിന് കാരണമാകുന്ന ക്യാൻസർ ജീവിതശൈലീ രോഗങ്ങൾ പോലുള്ള ആരോഗ്യ പ്രശ്നങ്ങളുടെ ചികിത്സയ്ക്ക് അവശ്യ മരുന്നുകളുടെ പട്ടികയിൽപെടാത്ത മരുന്നുകൾ ആവശ്യമായി വരാറുണ്ട് . പൊതുവിപണിയിൽ ഇത്തരം മരുന്നുകൾക്ക് ഉയർന്ന വില നൽകേണ്ടി വരുന്നതിനാൽ സാധാരണക്കാരനെ മരുന്നു മാഫിയയുടെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിനു വേണ്ടിയാണ് കേരള സർക്കാർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന സ്ഥാപനം ആരംഭിച്ചിട്ടുള്ളത് . ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് |

| | |
|---|---|
| | മരുന്നു കമ്പനികളിൽ നിന്നും നേരിട്ട് വിലപേശലിലൂടെ മരുന്നു സംഭരിക്കുകവഴിപൊതുവിപണിയിൽ ഉയർന്ന വില നൽകേണ്ടി വരുന്ന ക്യാൻസർ മരുന്നുകൾ പോലും വളരെകുറഞ്ഞ വിലയ്ക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. <br> കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തുടനീളം 42 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ച് കഴിഞ്ഞു. ഇങ്ങനെ സാധാരണക്കാരന് പരമാവധി ചികിത്സ ചെലവ് കുറയ്ക്കുവാൻ ഉതകുന്ന തരത്തിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തന വിപുലീകരണമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. |
| (ബി) ഫാർമസി സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഉണ്ടെങ്കിൽ മറ്റു ചെലവില്ലാതെ കുറഞ്ഞ വിലയ്ക്ക് മരുന്നു ലഭ്യമാക്കാമെന്നിരിക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും സ്ഥലം ലഭ്യമാക്കി കാരുണ്യ ഫാർമസി തുടങ്ങുവാൻ എന്തെങ്കിലും തടസ്സമുണ്ടോ ; | (ബി) സർക്കാരിന്റെ കാലോചിതമായിട്ടുള്ള ഇടപെടലുകൾക്കനുസൃതമായി 42 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് നിലവിൽ പ്രവർത്തനക്ഷമ-മായിരിക്കുന്നത്. 9 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ കൂടി യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ ഏകോപിപ്പിച്ചു വരുന്നു. നിലവിൽ മെഡിക്കൽ കോളേജുകൾ, സ്ഥലം ലഭ്യമായിട്ടുള്ള ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ, കല്ലറ സാമൂഹികാരോഗ്യകേന്ദ്രം, വലിയതുറ തീരദേശ സ്പെഷ്യാലിറ്റി ആശുപത്രി എന്നിവിടങ്ങളിലാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നത് . പടിപടിയായി ടി സംരംഭം കീഴ്ഘടക സ്ഥാപന പരിധിയിലേക്ക് സാധ്യതാ പഠനത്തിന് ശേഷം നടപ്പിൽ വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) ക്യാൻസർ പോലുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് പരമാവധി വില്പനവില രേഖപ്പെടുത്തി രോഗികളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഹൃദ്രോഗം, പ്രമേഹം, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവയ്ക്ക് പൊതുവിപണിയിൽ സുലഭമായ മരുന്നുകളെ വച്ച് താരതമ്യം ചെയ്യുമ്പോൾ ക്യാൻസർ പോലുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് താരതമ്യേന വില കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ക്യാൻസർ രോഗത്തിനുള്ള ആഡ് ലി ഫോർമുലേഷൻസ് കമ്പനി നിർമ്മിക്കുന്ന, കാരുണ്യ ഫാർമസികളിൽ 1007/- രൂപയ്ക്ക് ലഭിക്കുന്ന മരുന്നിന് പരമാവധി വിലയായി 16,500/-, 455/- രൂപയുടെ മരുന്നിന് 4400/-, 705/- രൂപയുടെ മരുന്നിന് 14750/-, 739 | മരുന്നുകളുടെ വിലനിയന്ത്രണം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസ് കൺട്രോൾ അതോറിറ്റി യുടെ കീഴിലായതിനാൽ സംസ്ഥാന സർക്കാരിന് വിലനിയന്ത്രണത്തിൽ കാര്യമായ ഇടപെടൽ സാധ്യമല്ലാത്ത സാഹചര്യമാണ് ഉള്ളത്. വില നിയന്ത്രണ പട്ടികയിൽ വരാത്ത മരുന്നുകൾക്ക് സാധാരണ രീതിയിൽ മരുന്ന് കമ്പനികളാണ് പൊതുവിപണിയിലെ വില നിശ്ചയിക്കുന്നത്. എന്നാൽ |

| | |
|---|---|
| രൂപയുടെ മരുന്നിന് 10100/- തുടങ്ങിയ രീതിയിൽ രേഖപ്പെടുത്തി രോഗികളെ കൊള്ളയടിക്കുന്നത് നിയന്ത്രിയ്ക്കാൻ എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ; | കാരുണ്യകമ്മ്യൂണിറ്റി ഫാർമസിപോലെ 20 ശതമാനം മുതൽ 93 ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ നൽകുന്ന സ്ഥാപനങ്ങൾക്ക് പൊതുവിപണിയിലെ ചൂഷണം തടയാൻ സാധിച്ചിട്ടുണ്ട്. പൊതുവിപണിയിൽ ഉയർന്ന വില നൽകേണ്ടി വരുന്ന അർബുദ ചികിത്സയ്ക്കുള്ള മരുന്നുകൾ പോലും വളരെ കുറഞ്ഞവിലയ്ക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കാലോചിതമായിട്ടുള്ള മരുന്നു പട്ടികയുടെ സൂക്ഷ്മവിശകലനത്തിലൂടെയും ഉയർന്ന ചികിത്സാബാധ്യത ഉണ്ടാക്കുന്ന മരുന്നുകളുടെ ശേഖരണത്തിൽ പുലർത്തുന്ന ജാഗ്രതയിലൂടെയും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് മരുന്നു കമ്പനികളിൽ നിന്ന് നേരിട്ട് വിലപേശലിലൂടെ മരുന്നു സംഭരിക്കുകവഴി മരുന്നു കമ്പനികളുടെ അമിത ലാഭവും ഇടനിലക്കാരുടെ ചൂഷണവും ഒരു പരിധിവരേയ്ക്കും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഇ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെ ചേരുവനാമം (ജെനറിക് നെയിം) ഉപയോഗിക്കാതെ ബ്രാൻഡ് പേരിൽ മരുന്നു കുറിക്കുന്നതിന്റെ പിന്നിലുള്ള താല്പര്യം കർശനമായി നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എങ്ങനെ നടപ്പാക്കുമെന്ന് അറിയിക്കാമോ? | ജനറിക് നാമത്തിൽ മരുന്നുകൾ എഴുതണമെന്ന് സർക്കാർ നിർദ്ദേശം നിലവിലുണ്ട് (Circular No. 13305/F1/2015/H&FWD dated 27.11.2015) ഡോക്ടർമാർ പൂർണ്ണമായും ഈ സർക്കാർ ഉത്തരവ് പാലിക്കേതാണ്. പൊതുജനാരോഗ്യ സംവിധാനത്തിൽ പരമാവധി ജനറിക് മരുന്നുകൾ കുറിക്കുന്നു എന്ന് ഉറപ്പാക്കുന്നതിലേയ്ക്കായി Prescription Auditing ശക്തിപ്പെടുത്തുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിലുള്ള Store Verification Team അപ്രതീക്ഷിത സന്ദർശനങ്ങളിലൂടെ ബ്രാൻഡഡ് മരുന്നുകളുടെ കുറിപ്പടികളുടെ അതിപ്രസരം പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ